## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4677

23.07.2015-ൽ മറുപടിക്ക്

### പ്രാഥമിക സഹകരണസംഘങ്ങളും ബാങ്കുകളും ആധുനിക വൽക്കരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) പ്രാഥമിക സഹകരണ സംഘങ്ങളും ബാങ്കുകളും ആധുനിക വൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽ/സംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലും കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.<br><br>സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കംപ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ്, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, എ.റ്റി.എം സംവിധാനം എന്നിവയ്ക്കായി പ്രോജക്ട് കോസ്റ്റിന്റെ 50 ശതമാനം വായ്പയായും, 20 ശതമാനം ഓഹരിയായും, 20 ശതമാനം സബ്സിഡിയായും പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചു വരുന്നു. ഈ ഇനത്തിൽ 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 82 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 697.365 ലക്ഷം രൂപ |

ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഇത്തരത്തിലുള്ള എത്ര ബാങ്കുകൾ പൂർണ്ണമായും കംപ്യൂട്ടർ വൽക്കരിച്ചിട്ടുണ്ടെന്ന് പട്ടിക സഹിതം വ്യക്തമാക്കാമോ ; | (ബി) 1514 പ്രാഥമിക സഹകരണ ബാങ്കുകളും 761 പ്രാഥമിക സഹകരണ സംഘങ്ങളും പൂർണ്ണമായും കംപ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു.) |
| (സി) ശേഷിക്കുന്നവ കംപ്യൂട്ടർവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് സ്വന്തം നിലയിൽ കംപ്യൂട്ടർ വൽക്കരണം നടപ്പാക്കാവുന്നതാണ്. അതിന് പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ അപ്രകാരം കംപ്യൂട്ടർ വൽക്കരണം നടത്തുമ്പോൾ പൊതു ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്. കംപ്യൂട്ടർ വൽക്കരണത്തിനുള്ള സർക്കാർ ധനസഹായത്തിന് സംഘങ്ങളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അർഹമായ അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കംപ്യൂട്ടറൈസേഷൻ

| നമ്പർ | ജില്ല | PACS | URBAN | PCARDB | Others |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 70 | 3 | 1 | 5 |
| 2 | കൊല്ലം | 113 | - | - | - |
| 3 | പത്തനംതിട്ട | 85 | - | 3 | 14 |
| 4 | ആലപ്പുഴ | 132 | - | - | 19 |
| 5 | കോട്ടയം | 116 | 4 | 3 | 85 |
| 6 | എറണാകുളം | 155 | 7 | 3 | 51 |
| 7 | പാലക്കാട് | 91 | 4 | 3 | 57 |
| 8 | തൃശ്ശൂർ | 141 | 6 | 4 | 83 |
| 9 | ഇടുക്കി | 68 | 2 | 4 | 32 |
| 10 | വയനാട് | 27 | 1 | 2 | 10 |
| 11 | മലപ്പുറം | 139 | 1 | 6 | 91 |
| 12 | കണ്ണൂർ | 116 | 24 | 1 | 127 |
| 13 | കോഴിക്കോട് | 108 | 5 | - | 107 |
| 14 | കാസർഗോഡ് | 62 | 2 | 2 | 80 |
| **ആകെ** | | **1423** | **59** | **32** | **761** |
| | | **1514** | | | |

സെക്ഷൻ ഓഫീസർ